# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഓണപരീക്ഷ - 2025

| | |
|---|---|
| ക്ലാസ്സ് : IV | സമയം : 2 മണിക്കൂർ |
| തീയതി : 07-9-2025 | മാർക്ക് : 70 |

### I. പദപ്പെട്ടിയിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക 10

സഭയിലൂടെ, തൈലാഭിഷേകം, വി. പൗലോസ്, വിശുദ്ധീകരിക്കുന്ന കർമ്മം, ഈശോയിൽ നിന്ന്

1. "കൂദാശ" എന്ന വാക്കിന്റെ അർത്ഥം എന്ത്?
2. നമുക്ക് ദൈവികജീവൻ ലഭിക്കുന്നത് ആരിൽ നിന്നാണ്?
3. നിത്യജീവൻ പ്രദാനം ചെയ്യുന്ന കൃപാവരം നമുക്ക് ഈശോ നൽകുന്നത് ആരിലൂടെയാണ്?
4. തിരുസഭയെ ശരീരത്തോടും അതിലെ അവയവങ്ങളോടും ഉപമിച്ചത് ആര്?
5. തിന്മകൾക്കെതിരെ പോരാടാനുള്ള ശക്തി നമുക്ക് നൽകുന്ന കൂദാശ ഏത്?

### II. ചേരുംപടി ചേർക്കുക 10

6. എസ്തപ്പാനോസ് - മുങ്ങുക
7. നിക്കോദേമോസ് - മുന്തിരിച്ചെടി
8. സമരിയാക്കാരി സ്ത്രീ - രക്തസാക്ഷി
9. മാമ്മോദീസ - യഹൂദപ്രമാണി
10. ഈശോ - ജീവജലം

### III. പൂരിപ്പിക്കുക 10

11. ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ......................... ആണ്.
12. ..................... ആണ് സഭാശരീരത്തിന്റെ ശിരസ്.
13. കൂദാശകളിൽ ആദ്യത്തെ മൂന്നെണ്ണം ........... എന്നറിയപ്പെടുന്നു.

14. മാമ്മോദീസായിലൂടെ നാം പാപത്തിൽ നിന്ന് മോചിക്കപ്പെടുകയും ................. ജീവിതം ആരംഭിക്കുകയും ചെയ്യുന്നു.

15. ആത്മാവിന്റെ ഫലങ്ങൾ നമ്മിൽ ............. ജീവിക്കുന്നതിന്റെ അടയാളമാണ്.

## IV. ശരിയോ തെറ്റോ എന്ന് എഴുതുക 5

16. മാമ്മോദീസായുടെ തുടർച്ചയും പൂർത്തീകരണവുമാണ് തൈലാഭിഷേകം.

17. വെള്ളവസ്ത്രം ധരിപ്പിക്കുന്നത് നാം പാപത്തിൽ മരിച്ച് ഈശോയിൽ ജനിക്കുന്നു എന്നതിന്റെ അടയാളമാണ്.

18. നമ്മിലേക്ക് ദൈവികജീവൻ എത്തിക്കുന്ന നീർച്ചാലുകളാണ് ജലാശയങ്ങൾ.

19. ശരീരത്തിലെ അവയവങ്ങളെപ്പോലെയാണ് മിശിഹായുടെ ശരീരമാകുന്ന സഭയിലെ അംഗങ്ങൾ.

20. ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം പാലിക്കുന്നവർക്ക് ദൈവികജീവൻ ലഭിക്കുന്നു.

## V. പേരെഴുതുക 5

21. ഭാരതമണ്ണിൽ വിശ്വാസവെളിച്ചം എത്തിച്ച ക്രിസ്തുശിഷ്യൻ ആര്?

22. "പെസഹാ" എന്ന വാക്കിന്റെ അർത്ഥമെന്ത്?

23. നിങ്ങളുടെ വികാരിയച്ചന്റെ പേര്, വീട്ടുപേര്?

24. തലശ്ശേരി അതിരൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ?

25. "മിശിഹാ" എന്ന വാക്കിന്റെ അർത്ഥമെന്ത്?

## VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക 5

26. "ഞാൻ വന്നിരിക്കുന്നത് അവർക്ക് ................. ഉണ്ടാകുവാനും അത് ..................... ഉണ്ടാകുവാനുമാണ്" (യോഹ 10:10).

27. "സത്യം സത്യമായി ഞാൻ നിന്നോട് പറയുന്നു. വീണ്ടും ................ ഒരുവന് ................ കാണാൻ കഴിയുകയില്ല" (യോഹ 3:3).

## VII. ഉത്തരമെഴുതുക

28. ഈശോ തന്റെ ദൈവികജീവൻ നമുക്ക് പകർന്നുതരുന്നത് എങ്ങനെ? ഈ ദൈവികജീവനിൽ വളരാൻ നാം എന്തു ചെയ്യണം? **3**

29. തൈലാഭിഷേക കൂദാശയുടെ പ്രധാന അടയാളങ്ങൾ ഏവ? **3**

30. വി. കൊച്ചുത്രേസ്യായുടെ പുണ്യവചനം എഴുതുക. വി. കൊച്ചുത്രേസ്യായെപോലെ പുണ്യജീവിതം നയിക്കാൻ നിങ്ങൾക്ക് എപ്രകാരം സാധിക്കും? **4**

31. വി. ഡൊമിനിക് സാവിയോയുടെ മാതാപിതാക്കൾ ആരെല്ലാം? പ്രഥമദിവ്യകാരുണ്യ സ്വീകരണത്തിൽ വി. ഡൊമിനിക് എടുത്ത പ്രതിജ്ഞകൾ എന്തെല്ലാം? **4**

32. പരിശുദ്ധാരൂപിയുടെ ദാനങ്ങൾ എത്ര? ഏവ? **5**

33. കൂദാശകൾ എന്നാൽ എന്ത്? ഈശോയെ സ്വീകരിക്കാൻ ഒരുങ്ങുന്ന നിങ്ങൾ എങ്ങനെയാണ് കൂദാശകൾ സ്വീകരിക്കേണ്ടത്? **6**

---

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഓണപരീക്ഷ - 2025

**ക്ലാസ്സ് : V** **സമയം : 2 മണിക്കൂർ**
**തീയതി : 07-9-2025** **മാർക്ക് : 70**

## I. പദപ്പെട്ടിയിൽ നിന്ന് ഉത്തരം തെരഞ്ഞെടുത്തെഴുതുക 5

ദൈവത്തിന്റെ ഭവനം, റൂബൻ, ഹോറെബ്,
ഉൽപത്തി, അഹറോൻ

1. മോശയ്ക്ക് ദൈവത്തിന്റെ ദർശനമുണ്ടായത് ഏത് മലയിൽ വച്ച്?
2. അബ്രാഹത്തിന്റെ ചരിത്രം വിവരിച്ചിട്ടുള്ള പഴയനിയമ ഗ്രന്ഥം?
3. മോശയ്ക്ക് സഹായിയായി ദൈവം നൽകിയത് ആരെയാണ്?
4. യാക്കോബിന്റെ പന്ത്രണ്ടുമക്കളിൽ മൂത്തവൻ ആര്?
5. "ബഥേൽ" എന്ന വാക്കിന്റെ അർത്ഥം?

## II. ചേരുംപടി ചേർക്കുക 5

6. ബൈബിൾ - റബേക്ക
7. അബ്രാഹം - പുസ്തകം
8. ഇസഹാക്ക് - വി. ഫ്രാൻസീസ്
9. യാക്കോബ് - ഊർ
10. രണ്ടാം ക്രിസ്തു - ഇസ്രായേൽ

## III. പേരെഴുതുക 5

11. "ഓശാന" എന്ന പദത്തിന്റെ അർത്ഥമെന്ത്?
12. തിരുനാളുകളുടെ തിരുനാൾ ഏത്?
13. ആദ്യമായി എഴുതപ്പെട്ട സുവിശേഷം?
14. "കൂദാശ" എന്ന സുറിയാനി വാക്കിന്റെ അർത്ഥമെന്ത്?
15. "പന്തക്കുസ്താ" എന്ന വാക്കിന്റെ അർത്ഥം?

## IV. പൂരിപ്പിക്കുക 5

16. മരണത്തെ .................... എന്ന് വിളിച്ചുകൊണ്ട് വി. ഫ്രാൻസീസ് അസ്സീസി സ്വാഗതം ചെയ്തു.

17. പഴയനിയമത്തിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങൾ ................. എന്നറിയപ്പെടുന്നു

18. ബൈബിളിലെ ........... മനുഷ്യജീവിതത്തിനു വഴികാട്ടിയാണ്.

19. ............................ ആണ് വിശ്വാസികളുടെ പിതാവ്?

20. മോശ എന്ന പേരിന്റെ അർത്ഥം .......................... ആണ്.

## V. ശരിയോ തെറ്റോ എന്ന് എഴുതുക 5

21. ജീവിതം തന്നെ സുവിശേഷമാക്കിമാറ്റാനും സുവിശേഷമനുസരിച്ചുതന്നെ ജീവിക്കാനുമാണ് ഫ്രാൻസീസ് അസ്സീസി കൂട്ടുകാരെ ഉപദേശിച്ചത്.

22. ജോസഫിനോട് സഹോദരന്മാർക്ക് സ്നേഹമായിരുന്നു.

23. വിദൂര സ്ഥലങ്ങളിൽ പോയി പ്രേഷിതപ്രവർത്തനം നടത്തുവാനും രക്തസാക്ഷിത്വം വരിക്കാനും വി. ക്ലാര ആഗ്രഹിച്ചു.

24. മോശ ജത്രോയോട് യാത്രപറഞ്ഞ് ഭാര്യയോടും മക്കളോടുമൊപ്പം ഹോറെബ് മലയിലേയ്ക്ക് പുറപ്പെട്ടു.

25. യാക്കോബിന്റെ മക്കളാണ് ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളായി മാറിയത്.

## VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക 4

26. "അങ്ങയുടെ വചനം എന്റെ ........... വിളക്കും, ................. പ്രകാശവുമാണ്" (സങ്കീർത്തനം 119:105).

27. "ഇതാ ഞാൻ ................ നീ പോകുന്നിടത്തെല്ലാം ................ കാത്തുരക്ഷിക്കും" (ഉല്പത്തി 28:15).

## VII. ഉത്തരമെഴുതുക

28. വി. ഫ്രാൻസീസ് അസ്സീസിയുടെ ജീവിതസന്ദേശം എഴുതുക? **2**
29. പഴയനിയമത്തിലെ ആദ്യത്തെ അഞ്ചു ഗ്രന്ഥങ്ങൾ ഏതെല്ലാം?**2**
30. വി. ക്ലാരയുടെ പുണ്യവചനം എഴുതുക? **2**
31. ദൈവത്തിന്റെ പദ്ധതിയിൽ ജോസഫിന്റെ ജീവിതകഥ വ്യക്തമാക്കുന്നതെന്ത്? **2**
32. പഴയനിയമജനതയുടെ ദൈവാനുഭവം നമ്മെ എപ്രകാരം സഹായിക്കും? **3**
33. ദൈവം ഉടമ്പടിയിലൂടെ അബ്രാഹത്തിനു നൽകിയ മൂന്ന് വാഗ്ദാനങ്ങൾ എന്തെല്ലാം? **3**
34. മോശയുടെ ചരിത്രം നമുക്ക് നൽകുന്ന സന്ദേശമെന്ത്? **4**
35. ബൈബിൾ ജീവിതത്തിന് വഴികാട്ടിയാണ് എന്നുപറയാൻ കാരണമെന്ത്? ദൈവവചനത്തിന് യോജിച്ച ജീവിതം നയിക്കാൻ കുട്ടികളായ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? **4**
36. തന്റെ ആത്മീയ ഗുരുവായ വി. ഫ്രാൻസീസ് അസ്സീസിയുടെ ഏതെല്ലാം നിർദ്ദേശങ്ങളാണ് വി. ക്ലാര ജീവിതത്തിൽ പകർത്തിയത്? അവ നിങ്ങൾ എപ്രകാരം അനുകരിക്കും? **4**
37. മോശയെ ശക്തിപ്പെടുത്തുന്നതിനായി ദൈവം നല്കിയ മൂന്ന് അടയാളങ്ങൾ ഏതെല്ലാം? **5**
38. കൂദാശകൾ എത്ര? ഏവ? **5**
39. യാക്കോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നതെന്ത്? യാക്കോബിന്റെ ദൈവാനുഭവം നിങ്ങളുടെ ദൈവാനുഭവമാക്കി മാറ്റാൻ കുട്ടികളായ നിങ്ങൾക്ക് എങ്ങനെ സാധിക്കും? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഓണപരീക്ഷ - 2025

| | |
|---|---|
| **ക്ലാസ്സ് : VI** | **സമയം : 2 മണിക്കൂർ** |
| **തീയതി : 07-9-2025** | **മാർക്ക് : 70** |

**I. പദപ്പെട്ടിയിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക 5**

മർത്താ, കാനാ, ഗബ്രിയേൽ, ബാലാം, പരി. ത്രിത്വരഹസ്യം

1. ഇസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും എന്നു പ്രവചിച്ച താര്?
2. നമ്മുടെ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും കേന്ദ്രം?
3. ഈശോയുടെ ആദ്യ അത്ഭുതം നടന്നത്?
4. പരി. മറിയത്തെ മംഗളവാർത്ത അറിയിച്ച ദൂതൻ?
5. ഈശോ ലോകത്തിലേയ്ക്ക് വരാനിരുന്ന ദൈവപുത്രനായ മിശിഹായാണെന്ന് ഏറ്റുപറഞ്ഞ് വിശ്വാസം പ്രകടമാക്കിയത്?

**II. ചേരുംപടി ചേർക്കുക 5**

| | | |
|---|---|---|
| 6. കർത്താവിന്റെ വർഷം | - | വി. മറിയം ത്രേസ്യ |
| 7. കുടുംബങ്ങളുടെ പുണ്യവതി | - | നോമ്പിന്റെ സ്നേഹിതർ |
| 8. ഏൽപ്പയ്യാ | - | വി. മാർട്ടിൻ ഡി പോറസ് |
| 9. മാർത്തോമ്മാ നസ്രാണികൾ | - | ദൈവം പ്രകാശമാകുന്നു |
| 10. നവംബർ 3 | - | ഏ.ഡി |

**III. പൂരിപ്പിക്കുക 5**

11. ഉയിർപ്പുതിരുനാളിന് ഏഴാഴ്ച മുമ്പ് ആരംഭിക്കുന്ന നോമ്പുകാലത്തിന്റെ ആദ്യ ഞായറാഴ്ചയെ .............. എന്ന് വിളിക്കുന്നു.
12. അത്ഭുതപ്രവൃത്തികളിലൂടെയെല്ലാം ഈശോ തന്നിലെ ............. വെളിപ്പെടുത്തുകയായിരുന്നു.

13. ‘മിശിഹാ’ എന്ന വാക്കിന്റെ അർത്ഥം ........... എന്നാണ്.

14. അവിടുത്തെ വചനത്തിലും പ്രവൃത്തിയിലും, സാന്നിദ്ധ്യത്തിലും ................. മനുഷ്യർക്ക് പ്രത്യക്ഷമായി.

15. ‘ഉപവാസം’ എന്ന വാക്കിന് ............. എന്നാണർത്ഥം.

**IV. സംഭവങ്ങൾ ക്രമത്തിൽ എഴുതുക** **5**

16. (എ) ദൂതൻ അവളോടു പറഞ്ഞു; “മറിയമേ നീ ഭയപ്പെടേണ്ട. ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു.”

(ബി) ദൈവത്തിന്റെ ദൂതൻ ഗലീലിയിലെ നസ്രത്ത് എന്ന പട്ടണത്തിൽ ഒരു കൊച്ചുവീട്ടിൽ പ്രത്യക്ഷനായി.

(സി) ഗബ്രിയേൽ ദൂതൻ മറിയത്തെ സമീപിച്ചു പറഞ്ഞു ദൈവകൃപനിറഞ്ഞവളെ, സ്വസ്തി കർത്താവ് നിന്നോട്കൂടെ. ഈ വചനം കേട്ട് അവൾ വളരെ അസ്വസ്ഥയായി.

(ഡി) അവിടെ ദാവീദിന്റെ വംശത്തിൽപ്പെട്ട യൗസേപ്പ് എന്ന പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന ഒരു കന്യക ഉണ്ടായിരുന്നു. മറിയം എന്നായിരുന്നു അവളുടെ പേര്.

(ഇ) എന്താണ് ഈ അഭിവാദനത്തിന്റെ അർത്ഥം എന്ന് അവൾ ചിന്തിച്ചു.

**V. പേരെഴുതുക** **5**

17. ഗ്രീക്ക് ഭാഷയിൽ തോമ്മാശ്ലീഹായെ വിളിക്കാൻ ഉപയോഗിക്കുന്ന പദം എന്ത്?

18. തലശ്ശേരി അതിരൂപതാദിനം?

19. അപ്പസ്തോലന്മാരുടെ പിൻഗാമികൾ ആര്?

20. വി. കുർബാനയുടെ പാപ്പ എന്ന് അറിയപ്പെടുന്നത് ആര്?

21. മതാധ്യാപകരുടെ മദ്ധ്യസ്ഥൻ?

**VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക** **5**

22. ഈശോയിൽ വിശ്വസിക്കുന്നവർ മരിച്ചാലും വീണ്ടും ജീവിക്കും എന്ന് പറയുന്ന തിരുവചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 11:25).

23. ഈശോയെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല എന്ന് പറയുന്ന തിരുവചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 8:12).

## VII. ഉത്തരമെഴുതുക

24. ഈശോയെക്കുറിച്ച് സ്നാപകയോഹന്നാൻ നല്കിയ സാക്ഷ്യം എന്തായിരുന്നു? **2**

25. പ്രലോഭകനായ പിശാചിനെ തോല്പിക്കാൻ ഈശോയ്ക്ക് സാധിച്ചത് എന്തുകൊണ്ട്? **2**

26. കാനായിൽ അത്ഭുതം ചെയ്യാൻ ഈശോയെ പ്രേരിപ്പിച്ചത് എന്താണ്? **2**

27. വി. മാർട്ടിൻ ഡി പോറസിന്റെ പുണ്യവചനം എഴുതുക? ലാളിത്യത്തിന്റെ വിശുദ്ധനാണ് മാർട്ടിൻ ഡി പോറസ് എന്ന് പറയാൻ കാരണം എന്താണ്? **3**

28. ഈശോ മനുഷ്യജീവിതത്തിന്റെ എല്ലാ തലത്തിലുമുള്ള അന്ധതയെ അകറ്റിയതെങ്ങനെ? **3**

29. ലാസറിനെ ഉയിർപ്പിക്കുന്നതിനുമുമ്പ് ഈശോ തന്നെത്തന്നെ വെളിപ്പെടുത്തിക്കൊണ്ട് മർത്തായോട് പറഞ്ഞ തിരുവചനം ഏത്? **4**

30. ദനഹാക്കാലത്ത് നാം അനുസ്മരിക്കുന്ന രക്ഷാകര രഹസ്യങ്ങൾ ഏവ? **4**

31. മംഗളവാർത്ത പിറവിക്കാലങ്ങളിൽ നമ്മിൽ നിറഞ്ഞു നില്ക്കേണ്ട മനോഭാവം എന്ത്? **4**

32. വി. മറിയം ത്രേസ്യയുടെ തിരുനാൾ ദിനം എന്നാണ്? കുടുംബങ്ങളുടെ പുണ്യവതി എന്ന് മറിയം ത്രേസ്യയെ വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട്? നിങ്ങളുടെ കുടുംബത്തിൽ എങ്ങനെയൊക്കെ വിശുദ്ധിയിൽ ജീവിക്കാൻ കുട്ടികളായ നിങ്ങൾക്ക് സാധിക്കുമെന്ന് എഴുതുക? **5**

33. ദൈവകല്പനകൾ എഴുതുക? **5**

34. കർത്താവിന് സ്വീകാര്യമായ വത്സരം എങ്ങനെ ഉള്ളതാണ്? സമുദായ ശക്തീകരണ വർഷത്തിൽ കർത്താവിന് സ്വീകാര്യമായ വത്സരം ജീവിക്കുവാൻ നിങ്ങൾക്ക് എങ്ങനെയൊക്കെ സാധിക്കും? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഓണപരീക്ഷ - 2025

| | |
|---|---|
| ക്ലാസ്സ് : VII | സമയം : 2 മണിക്കൂർ |
| തീയതി : 07-09-2025 | മാർക്ക് : 70 |

**I. പദപ്പെട്ടിയിൽ നിന്ന് ഉത്തരം എടുത്തെഴുതുക** **5**

ഞായറാഴ്ച, മാതാപിതാക്കൾ, ഇസ്രായേൽ,
ദൈവകല്പനകൾ, ആരാധന

1. ദൈവത്തിന് മാത്രം അവകാശപ്പെട്ടതെന്ത്?
2. ആഴ്ചതോറുമുള്ള ഈസ്റ്റർദിനം?
3. സ്വർഗ്ഗസ്ഥനായ പിതാവിന്റെ പ്രതിനിധികൾ?
4. യാക്കോബിന് ദൈവം നൽകിയ മറ്റൊരു പേര്?
5. മനുഷ്യകുലത്തിന്റെ സുസ്ഥിതിയ്ക്ക് സഹായിക്കുന്നത്?

**II. പൂരിപ്പിക്കുക** **5**

6. ക്രിസ്ത്യാനികളുടെ മുഖമുദ്ര ................ ആണ്.
7. കൂദാശകൾ അയോഗ്യതയോടെ പരികർമ്മം ചെയ്യുന്നതും അതു സ്വീകരിക്കുന്നതും .............. ആണ്.
8. ഈശോ പിതാവിനോട് സംസാരിച്ചിരുന്നത് ലളിതവും ഹൃദ്യവുമായ ............. എന്ന പദം ഉപയോഗിച്ചാണ്.
9. ഞായറാഴ്ച ആചരണത്തെക്കുറിച്ചുള്ള ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ അപ്പസ്തോലിക ലേഖനം ................ ആണ്.
10. സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ജീവിക്കുന്ന നമുക്ക് ഈ ഭൂമിയിൽ സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കുന്നതിന് ............. പ്രമാണം വഴികാട്ടുന്നു.

**III. ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

11. ഭാരതമണ്ണിൽ വിശ്വാസവെളിച്ചം എത്തിച്ച ക്രിസ്തുശിഷ്യൻ ആര്?
12. മാർപാപ്പയെ തെരഞ്ഞെടുക്കുന്ന കർദ്ദിനാളന്മാരുടെ സമിതി?

13. നോബൽസമ്മാനവും ഭാരതരത്നവും നേടിയ സന്യാസിനി?

14. തലശ്ശേരി അതിരൂപതയിലെ ഏക ബസിലിക്ക ദൈവാലയം?

15. മലയാളത്തിൽ ആദ്യമായി നിഘണ്ടു രചിച്ച ജർമ്മൻ മിഷനറി?

**IV. ചേരുംപടി ചേർക്കുക** **5**

| | | |
|---|---|---|
| 16. വി. ഫ്രാൻസീസ് സേവ്യർ | - | മുൾപടർപ്പ് |
| 17. മാമ്മോദീസ | - | നവാറ |
| 18. ഫെർണാണ്ടോ | - | ദനഹാ |
| 19. യാഹ്‌വേ | - | വി. അന്തോനീസ് |
| 20. മോശ | - | ദൈവം |

**V. ശരിയോ, തെറ്റോ എന്ന് എഴുതുക** **5**

21. നിരാശ പ്രത്യാശയ്ക്ക് എതിരായ പാപമാണ്.

22. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സഹോദരങ്ങളെ ശപിക്കുന്നത് ദൈവനാമത്തോടുള്ള അവഹേളനമല്ല.

23. ജീവിതത്തിലുടനീളം ദൈവത്തിന് പ്രഥമസ്ഥാനം നല്കുക എന്നത് ഒന്നാം പ്രമാണത്തിലൂടെ ദൈവം നമ്മോട് ആവശ്യപ്പെടുന്നു.

24. വി. ഫ്രാൻസീസ് സേവ്യറിനെ വിശുദ്ധനായി പ്രഖ്യാപിച്ചത് 1240-ൽ ആണ്.

25. ഞായറാഴ്ചകളിൽ കുറച്ച് സമയമെങ്കിലും കാരുണ്യപ്രവർത്തികൾക്കായി നീക്കിവയ്ക്കേണ്ടതാണ്.

**VI. ബൈബിളിൽനിന്ന് ഉദ്ധരിക്കുക** **5**

26. തന്നെ അനുഗമിക്കുന്ന ഓരോ വ്യക്തിയും അനുദിനജീവിതത്തിൽ കല്പനകൾ അനുസരിക്കണമെന്ന് വ്യക്തമാക്കുന്ന തിരുവചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 15:10).

27. മാതാപിതാക്കളോടുള്ള മക്കളുടെ കടമകളെ വ്യക്തമാക്കുന്ന വചനം പ്രഭാഷകന്റെ പുസ്തകത്തിൽ നിന്ന് (പ്രഭാ 7: 27,28).

**VII. ഉത്തരമെഴുതുക**

28. വി. അന്തോനീസിന്റെ ജീവിതസന്ദേശം എഴുതുക. **2**

29. തിരുക്കുടുംബത്തിൽ ഈശോ ജീവിച്ചതെങ്ങനെ? **2**

30. ഈശോ എന്ന നാമം മഹനീയമാണ്. വ്യക്തമാക്കുക. **3**

31. കല്പനകൾ എന്തിനെല്ലാം നമ്മെ സഹായിക്കുന്നു? **3**

32. അധികാരികളെയും മുതിർന്നവരെയും നാം ആദരിക്കണം. എന്തുകൊണ്ട്? **4**

33. ജോൺപോൾ രണ്ടാമൻ മാർപാപ്പ ഞായറാഴ്ച ആചരണത്തെക്കുറിച്ച് വ്യക്തമാക്കുന്ന കാര്യങ്ങൾ എഴുതുക? **4**

34. ഒന്നാം പ്രമാണത്തിനെതിരായ തിന്മകൾ സമർത്ഥിക്കുക. ജീവിതത്തിൽ വിശ്വാസത്തിനെതിരായ പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ ചെറുത്തുതോൽപ്പിക്കാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കും? **5**

35. പരിശുദ്ധാരൂപിയുടെ ഫലങ്ങൾ എത്ര? ഏവ? **5**

36. വി. ഫ്രാൻസീസ് സേവ്യറിന്റെ ജീവിതസന്ദേശവും പുണ്യവചനവും എഴുതുക? വിശുദ്ധന്റെ ജീവിതമാതൃക അനുകരിച്ച് യേശുവിന്റെ സുവിശേഷം പ്രഘോഷിക്കാൻ നിങ്ങൾക്ക് എപ്രകാരം സാധിക്കും? **6**

37. ദൈവപ്രമാണങ്ങൾ നമ്മുടെ അനുദിനജീവിതത്തിൽ നമ്മെ സഹായിക്കുന്നതെങ്ങനെ? ഈശോ ആഗ്രഹിക്കുന്നതും നിങ്ങൾ എത്തിച്ചേരേണ്ടതുമായ നിത്യജീവൻ അവകാശമാക്കാൻ നിങ്ങൾ എന്തെല്ലാം കാര്യങ്ങൾ ചെയ്യും? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഓണപരീക്ഷ - 2025

| | |
|---|---|
| ക്ലാസ്സ് : VIII | സമയം : 2 മണിക്കൂർ |
| തീയതി : 07-9-2025 | മാർക്ക് : 70 |

---

**I. ശരിയായ ഉത്തരം എടുത്തെഴുതുക** 5

1. പന്ത്രണ്ട് ഗോത്രങ്ങളുടെ പിതാവായിത്തീർന്ന യാക്കോബിന് ദൈവം നൽകിയ നാമം.

   (ഇസ്രായേൽ, വിമോചകൻ, അവകാശി)

2. ഇസ്രായേൽക്കാരെ ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കാൻ ദൈവം തിരഞ്ഞെടുത്ത വ്യക്തി.

   (ഏലിയ, ഏശയ്യ, മോശ)

3. തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരം.

   (പ്രാർത്ഥന, വിശ്വാസം, സ്നേഹം)

4 പരിശുദ്ധാത്മാവ് ഒരാലയത്തിലെന്നപോലെ തിരുസഭയിലും വിശ്വാസികളുടെ ഹൃദയത്തിലും വസിക്കുന്നു എന്ന് പഠിപ്പിച്ച കൗൺസിൽ.

   (ഒന്നാം വത്തിക്കാൻ കൗൺസിൽ, നിഖ്യാ കൗൺസിൽ, രണ്ടാം വത്തിക്കാൻ കൗൺസിൽ)

5. പരിശുദ്ധാത്മാവിനാൽ നാം പ്രത്യേകവിധത്തിൽ അഭിഷിക്തരാകുന്ന കൂദാശ?

   (മാമ്മോദീസാ, വിവാഹം, തൈലാഭിഷേകം)

**II. ഉത്തരമെഴുതുക** 5

6. "അപരനു നന്മ ചെയ്യാൻപറ്റാത്ത ദിവസം നിന്റെ ആയുസ്സിന്റെ കണക്കിൽ കൂട്ടേണ്ടതില്ല" എന്ന് പറഞ്ഞതാര്?

7. ആദിമസഭയിലുള്ള പരിശുദ്ധാത്മാവിന്റെ ഇടപെടൽ രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകം?

8. സഭാകൂട്ടായ്മയിലേക്ക് ഒരാൾക്ക് പ്രവേശനം നൽകുന്ന കൂദാശ?

9. മനുഷ്യവംശത്തിന് ദൈവം നൽകിയ രക്ഷയുടെ വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടത് ആരിലാണ്?

10. മനുഷ്യരക്ഷ പൂർത്തിയാക്കാൻ ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹമേത്?

## III. പൂരിപ്പിക്കുക 5

11. സഭയിലൂടെയാണ് ............................. നമ്മെ പഠിപ്പിക്കുകയും നയിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നത്.

12. മാർത്തോമ്മാ നസ്രാണികളുടെ സഭാ ജീവിതശൈലിയുടെ ആകെത്തുകയെ ............................ എന്നാണ് വിളിച്ചിരുന്നത്.

13. വിശ്വാസത്തിന്റെ അവശ്യഘടകം ............................

14. മിശിഹാ പ്രദാനം ചെയ്ത പാപമോചനത്തിന്റെയും രക്ഷയുടെയും ഫലം സ്വന്തമാക്കാനും അനുഭവിക്കാനുമുള്ള ഉപാധികൾ ................. ആണ്.

15. ഈശോ തന്റെ സഭ സ്ഥാപിച്ചത് ................... അടിസ്ഥാനത്തിന്മേലാണ്.

## IV. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. വൈദികരുടെ സ്വർഗ്ഗീയ മധ്യസ്ഥൻ ആര്?

17. ക്രിസ്തുവിശ്വാസത്തെപ്രതി രക്തസാക്ഷിത്വം വരിച്ച ഭാരതത്തിലെ പ്രഥമ അൽമായ വിശുദ്ധൻ?

18. കത്തോലിക്കാസഭയുടെ ഔദ്യോഗിക മതബോധനഗ്രന്ഥം?

19. യുവജനങ്ങളുടെ മദ്ധ്യസ്ഥൻ?

20. ലെയോ പതിനാലാമൻ മാർപാപ്പയുടെ ആപ്തവാക്യം എന്ത്?

## V. ചേരുംപടി ചേർക്കുക 5

21. മെത്തനോയിയ - ആദ്യത്തെ രക്തസാക്ഷി
22. എക്ലേസിയ - ജാതിക്കു കർത്തവ്യൻ
23. സാവൂൾ - തിരിച്ചുവരവ്
24. സ്തേഫാനൂസ് - വിശുദ്ധ പൗലോസ്
25. ആർച്ചുഡീക്കൻ - വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. രക്ഷപ്രാപിക്കുന്നതിനുള്ള അവശ്യവ്യവസ്ഥയായി വി. പൗലോസ് ശ്ലീഹാ പറഞ്ഞ തിരുവചനം റോമാക്കാർക്കുള്ള ലേഖനത്തിൽ നിന്ന് (റോമാ 10:9).
27. ഈശോയെ ദൈവാലയത്തിൽ കാഴ്ചവെച്ച അവസരത്തിൽ പ്രവാചകനായ ശെമയോൻ പറഞ്ഞ വാക്കുകൾ വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് (ലൂക്കാ 2:31).

## VII. ഉത്തരം എഴുതുക

28. Adolescence എന്ന വാക്കിന്റെ അർത്ഥം എന്ത്? 2
29. ഇസ്രായേലിന്റെ ചരിത്ര പശ്ചാത്തലത്തിൽ "എക്ലേസിയ" എന്ന പദം ഉൾക്കൊള്ളുന്ന ആശയങ്ങൾ എന്തെല്ലാം? 3
30. കൗമാര കാലഘട്ടം തീരുന്നതോടെ ഒരു വ്യക്തി എത്തിച്ചേരേണ്ട പക്വതയുടെ അഞ്ച് മേഖലകളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക? 3
31. നാം ദൈവത്തിന്റെ ആലയമായിത്തീരുന്നതെങ്ങനെ? ആത്മാവിനാൽ നയിക്കപ്പെടുന്നവരാകാൻ നിങ്ങൾ എന്തെല്ലാം ചെയ്യും? 4
32. രക്ഷയുടെ അനുഭവം എന്താണ്? രക്ഷ സ്വന്തമാക്കാൻ നിങ്ങൾ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുക? 4
33. അബ്രാഹത്തിന്റെയും പരിശുദ്ധ അമ്മയുടെയും ജീവിതത്തിൽ വിശ്വാസം പ്രകടമായതെങ്ങനെ? 4
34. ഈശോയുടെ നിരന്തരമായ സാന്നിധ്യം സഭയിൽ തുടരുന്നത് എങ്ങനെ? സഭാകൂട്ടായ്മ ശക്തിപ്പെടുത്താൻ നിങ്ങൾ എന്തെല്ലാം ചെയ്യും? 5
35. പരി. കുർബാന യോഗ്യതയോടെ ഉൾക്കൊള്ളാൻ വേണ്ട കാര്യങ്ങൾ എത്ര? ഏവ? 5
36. മനുഷ്യജീവനെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ കാഴ്ചപ്പാടുകളിൽ ഏതെങ്കിലും അഞ്ചെണ്ണം എഴുതുക? 5
37. ഈശോ പുതിയ ഉടമ്പടി സ്ഥാപിച്ചത് എങ്ങനെ? ഈ ഉടമ്പടിയുടെ ഫലങ്ങൾ നിങ്ങൾ എങ്ങനെ സ്വന്തമാക്കും? 5

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഓണപരീക്ഷ - 2025

**ക്ലാസ്സ് : IX** **സമയം : 2 മണിക്കൂർ**
**തീയതി : 07-09-2025** **മാർക്ക് : 70**

---

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **5**

1. ദൈവാരാധനയിൽ കൂടുതൽ ഉപയോഗിക്കപ്പെടുന്ന അടയാളം?
(വാക്കുകൾ, കർമ്മങ്ങൾ, കലകൾ)
2. ബലിയർപ്പണത്തിന്റെ അവശ്യയോഗ്യത?
(എളിമ, പങ്കുവെയ്ക്കൽ, സ്നേഹം)
3. പുരോഹിതന്റെ ഇടയധർമ്മത്തെ സൂചിപ്പിക്കുന്ന നീതിയുടെ വസ്ത്രം?
(സൂനാറ, പൈന, സന്ദേ)
4. സ്വർഗ്ഗത്തിൽ അനവരതം മുഴങ്ങുന്ന ഗീതം?
(മഹോന്നതൻ, പരിശുദ്ധൻ, കാരുണ്യവാൻ)
5. മനുഷ്യകുലത്തിന്റെ രക്ഷയുടെ അടയാളം?
(കുരിശ്, ഹൈക്കല, കെടാവിളക്ക്)

**II. പേരെഴുതുക** **5**

6. "മദ്ബഹ" എന്തിന്റെ പ്രതീകമാണ്?
7. തലശ്ശേരി രൂപത സ്ഥാപിച്ച വർഷം?
8. വത്തിക്കാൻ സിറ്റിയുടെ രാഷ്ട്രത്തലവൻ ആര്?
9. കത്തോലിക്കാസഭയിൽ എത്ര വ്യക്തിസഭകൾ ഉണ്ട്?
10. ഒരു കന്യാസ്ത്രീ ആകണം എന്ന് അൽഫോൻസാമ്മയോട് പറഞ്ഞത് ആര്?

**III. പൂരിപ്പിക്കുക** **5**

11. പഴയ ഇസ്രായേലിനെപോലെ പുതിയ ഇസ്രായേലായ .................. ആരാധകരുടെ സമൂഹമാണ്.
12. ശിരസ്സായ ...................... സഭയ്ക്കുവേണ്ടി പിതാവിനർപ്പിക്കുന്ന നിത്യവും പരിശുദ്ധവുമായ ആരാധനയാണ് വി. കുർബാന.

13. ദൈവാരാധനയിൽ ശുശ്രൂഷിക്കുന്ന .................. മാലാഖമാരെ സൂചിപ്പിക്കുന്നു.

14. ദൈവം ................... നെ അടിമത്തത്തിൽ നിന്ന് രക്ഷിച്ചത് ആരാധന സമൂഹമാകാൻ വേണ്ടിയായിരുന്നു.

15. വി. കുർബാനയിലെ ഏറ്റവും ആഘോഷമായ ക്രമത്തിന് ................ എന്നുപറയുന്നു.

**IV. ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

16. വീരോചിതമായ ആത്മധൈര്യത്താൽ ശുദ്ധതയുടെ മാഹാത്മ്യം നമ്മെ പഠിപ്പിക്കുന്ന വിശുദ്ധ?

17. 'ദൈവത്തെ സ്നേഹിക്കുക, പിന്നെ നിനക്ക് ഇഷ്ടമുള്ളത് ചെയ്യുക.' ആരുടെ വാക്കുകൾ?

18. വി. ആഗ്നസിന്റെ തിരുനാൾ ദിനം?

19. റോമിലെ പ്രധാന മതപീഡനകേന്ദ്രം?

20. വി. അഗസ്റ്റിന്റെ ജനനസ്ഥലം?

**V. ചേരുംപടി ചേർക്കുക** **5**

| | | |
|---|---|---|
| 21. മദ്ബഹ | - | ലിറ്റർജി |
| 22. കെസ്ത്രോമ | - | നിക്ഷേപാലയം |
| 23. ലെയ്ത്തൂർഗിയ | - | ബലിവേദി |
| 24. ബേസ്സഹദെ | - | ഗായകവേദി |
| 25. ബേസ്ഗസ | - | തിരുശേഷിപ്പുകൂടാരം |

**VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക** **5**

26. തന്റെ പ്രിയപുത്രനെപോലും നൽകാൻ സന്നദ്ധനായ പിതാവിന്റെ സ്നേഹത്തെക്കുറിച്ച് വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 3:16).

27. ശരീരങ്ങളെ വിശുദ്ധമായി ദൈവത്തിനു സമർപ്പിക്കണമെന്ന ശ്ലീഹായുടെ ആഹ്വാനം റോമാക്കാർക്കുള്ള ലേഖനത്തിൽ നിന്ന് (റോമാ 12:1).

**VII. ഉത്തരമെഴുതുക**

28. കൂദാശകൾ എന്നാൽ എന്ത്? **2**

29. ദൈവാരാധന (ലിറ്റർജി) എന്നാൽ എന്ത്? **2**

30. വി. കുർബായിൽ നാം ആഘോഷിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്ന ദിവ്യരഹസ്യങ്ങൾ ഏതെല്ലാം? **3**

31. ദൈവാരാധനയെ കേന്ദ്രീകരിച്ച് ജീവിച്ച സമൂഹം ഏത്? ആരാധനയെക്കുറിച്ച് വി. ഇരണേവൂസ് നമ്മെ പഠിപ്പിക്കുന്നത് എന്ത്? **3**

32. ദൈവാരാധനയിലെ അടയാളങ്ങളെ എത്രയായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാം? **4**

33. വി. കുർബാനയിൽ ഈശോയുടെ ഉത്ഥാനത്തെ പ്രകീർത്തിച്ച് ആലപിക്കുന്ന ഗീതം ഏത്? ഈ കീർത്തനത്തിൽ നാം അനുസ്മരിക്കുന്നത് എന്ത്? **4**

34. സുഖഭോഗങ്ങൾക്ക് അമിത പ്രാധാന്യം നൽകുന്ന ഇക്കാലത്ത് വി. ആഗ്നസ് നമുക്ക് നൽകുന്ന പുണ്യവചനമെന്ത്? ഈ വിശുദ്ധയുടെ വ്യക്തിത്വത്തിൽ നിന്ന് നിങ്ങളെ ഏറ്റവും അധികം സ്വാധീനിച്ച സവിശേഷതകൾ ഏതെല്ലാം? **5**

35. മനസ്താപപ്രകരണം എഴുതുക? **5**

36. ദൈവാലയത്തെ പ്രധാനമായും എത്ര ഭാഗങ്ങളായി തിരിച്ചിരിക്കുന്നു? അതിവിശുദ്ധ സ്ഥലമായ ബലിവേദിയുടെ സവിശേഷതകൾ എന്തെല്ലാം? ബലിവേദിയുടെ മഹത്വം മനസ്സിലാക്കിയ നിങ്ങൾ എങ്ങനെ വി. കുർബാനയിൽ സജീവമായും ഫലപ്രദമായും പങ്കുചേരും? **6**

37. വി. കുർബാന ക്രൈസ്തവരുടെ ആത്മീയ ജീവിതത്തിന്റെ ശക്തികേന്ദ്രമാകുന്നതെങ്ങനെ? അനുദിനം വി. കുർബാനയിൽ പങ്കെടുക്കുന്ന നമുക്ക് എപ്രകാരം ബലിജീവിതം തുടരാൻ കഴിയും? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഓണപരീക്ഷ - 2025

| | |
|---|---|
| ക്ലാസ്സ് : X | സമയം : 2 മണിക്കൂർ |
| തീയതി : 07-09-2025 | മാർക്ക് : 70 |

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുക 5

1. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റപ്പെടുന്ന അവസ്ഥ?

   (പറുദീസ, ശുദ്ധീകരണസ്ഥലം, ദൈവരാജ്യം)

2. 'മിഷനറി' എന്ന പദത്തിന്റെ അർത്ഥം?

   (സമർപ്പിക്കപ്പെട്ടവൻ, അയയ്ക്കപ്പെട്ടവൻ, അഭിഷിക്തൻ)

3. സുവിശേഷം ശ്രവിക്കുന്നവരെ അത് സ്വീകരിക്കാൻ സന്നദ്ധരാക്കുന്നത്?

   (ഈശോ, അപ്പസ്തോലൻ, പരിശുദ്ധാത്മാവ്)

4. പിതാവിന്റെ സന്നിധിയിൽ മനുഷ്യർക്ക് പ്രവേശനം ലഭിക്കുന്നത്?

   (ഈശോമിശിഹായിലൂടെ, സഭയിലൂടെ, കൂദാശകളിലൂടെ)

5. ഏതുപേരിലാണ് വിശ്വാസസംരക്ഷകരുടെ കൃതി അറിയപ്പെടുന്നത്?

   (അപ്പോളജി, തിയോളജി, അപ്പസ്തോലിക പ്രബോധനങ്ങൾ)

### II. പൂരിപ്പിക്കുക 5

6. സഭയുടെ പ്രേഷിതസ്വഭാവത്തിന് അടിസ്ഥാനം .................. ആണ്.
7. ദൈവരാജ്യത്തിന്റെ ................ ഉം സ്ഥാപനവുമായിരുന്നു ഈശോയുടെ ദൗത്യം.
8. സഭയെ സഭയാക്കുന്നത് ................ ഉം സഭാംഗങ്ങൾ തമ്മിൽ തമ്മിലുമുള്ള കൂട്ടായ്മയുമാണ്.
9. സഭയുമായി ഐക്യമില്ലാതെ വിഘടിച്ചു നിൽക്കുന്നതിന് .............. എന്നുപറയുന്നു.
10. സുവിശേഷവത്ക്കരണത്തിനുള്ള പ്രധാനപ്പെട്ട മാർഗ്ഗം ................ വഴി നൽകപ്പെടുന്ന സാക്ഷ്യം ആണ്.

## III. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

11. 'മീത്തരെ' എന്ന ലത്തീൻ പദത്തിന്റെ അർത്ഥം എന്ത്?
12. സത്യവിശ്വാസം പഠിപ്പിക്കാനും വ്യാഖ്യാനിക്കാനും അധികാരവും അവകാശവും ഉള്ളത് ആർക്ക്?
13. ദൈവപിതാവിന്റെ സുവിശേഷം?
14. സഭയുടെ സ്വഭാവത്തെ സൂചിപ്പിക്കാൻ 'മാർഗം' എന്ന പദം ഉപയോഗിച്ചിരിക്കുന്ന ഗ്രന്ഥം?
15. ഏത് ചക്രവർത്തിയുടെ കാലത്താണ് സഭയ്ക്ക് സ്വാതന്ത്ര്യം അനുവദിച്ച് കിട്ടിയത്?

## IV. പേരെഴുതുക 5

16. "കൈത്ത" എന്ന പദത്തിന്റെ അർത്ഥമെന്ത്?
17. സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്?
18. ബൈബിൾ ആദ്യമായി അച്ചടിക്കപ്പെട്ട ഇന്ത്യൻ ഭാഷ?
19. "മാർ വാലാഹ്" എന്ന സുറിയാനി പദത്തിന്റെ അർത്ഥം എന്ത്?
20. തലശ്ശേരി രൂപതയുടെ ആദ്യത്തെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കപ്പെട്ടത് ആര്?

## V. ചേരുംപടി ചേർക്കുക 5

| | | | |
|---|---|---|---|
| 21. | വി. അത്തനേഷ്യസ് | - | അന്ത്യോക്യാ |
| 22. | വി. ബേസിൽ | - | അലക്സാണ്ട്രിയ |
| 23. | വി. ജോൺ ക്രിസോസ്റ്റോം | - | കേസറിയ |
| 24. | വി. അഗസ്തീനോസ് | - | നിസിബിസ് |
| 25. | വി. അപ്രേം | - | തഗാസ്തെ |

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 4

26. വിശ്വാസികളുടെ സമൂഹം എങ്ങനെയുള്ളതായിരിക്കണമെന്ന് വ്യക്തമാക്കുന്ന തിരുവചനം വി. അപ്പസ്തോലന്മാരുടെ പ്രവർത്തനത്തിൽ നിന്ന് (അപ്പ 4:32).
27. സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുൻപിൽ നാം ഏറ്റുപറയപ്പെടേണ്ടതിന് എന്തുചെയ്യണം എന്ന് വ്യക്തമാക്കുന്ന തിരുവചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്താ 10:32).

## VII. ഉത്തരമെഴുതുക

28. സുവിശേഷപ്രഘോഷകയായ സഭ ഈ ദൗത്യം ഇന്ന് നിറവേറ്റുന്നത് എങ്ങനെയെല്ലാം? 2

29. 'പാഷണ്ഡത' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? **2**

30. തലശ്ശേരി രൂപതയുടെ സ്ഥാപനത്തിന് കാരണമായ കാര്യങ്ങൾ ഏവ? **2**

31. ജീവിതസാക്ഷ്യമാണ് ഏറ്റവും വലിയ സുവിശേഷപ്രഘോഷണം. ഈ പ്രസ്താവന വിലയിരുത്തി ക്രിസ്തീയജീവിതം വഴി സുവിശേഷ പ്രഘോഷണദൗത്യത്തിൽ പങ്കാളികളാകാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? **3**

32. അപ്പം മുറിയ്ക്കൽ ശുശ്രൂഷ ആദിമ സഭാസമൂഹത്തിന് ശക്തികേന്ദ്രമായത് എങ്ങനെ? ഈ ചൈതന്യം സ്വന്തമാക്കി ജീവിക്കാൻ നിങ്ങൾ എന്തെല്ലാം ചെയ്യും? **3**

33. സഭ സ്വഭാവത്താലെ പ്രേഷിതയാണ്. വ്യക്തമാക്കുക. പ്രേഷിതസ്വഭാവമുള്ള സഭയുടെ പ്രേഷിതദൗത്യത്തിൽ നിങ്ങൾക്ക് എങ്ങനെയെല്ലാം പങ്കാളികളാകാം? **3**

34. കുടിയേറ്റജനതയ്ക്ക് തങ്ങളുടെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവന്ന പ്രതികൂല സാഹചര്യങ്ങൾ വ്യക്തമാക്കുക? **4**

35. മതപീഡനം സഭയെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തത് എന്നുപറയാൻ കാരണമെന്ത്? വിശ്വാസം സംരക്ഷിക്കാൻവേണ്ടി രക്തസാക്ഷികളായി തീർന്നവരുടെ വിശ്വാസധീരത സ്വന്തമാക്കാൻ നിങ്ങൾ എന്തെല്ലാം ചെയ്യും? **4**

36. പ്രാർത്ഥനയിൽ അടിയുറച്ച സമൂഹമായിരുന്നു ആദിമക്രൈസ്തവ സമൂഹം. ഇത് അവരെ എപ്രകാരമാണ് ശക്തിപ്പെടുത്തിയത്? ഇവരുടെ മാതൃക അനുകരിച്ച് നിങ്ങളുടെ പ്രാർത്ഥനാജീവിതം ശക്തിപ്പെടുത്താൻ എങ്ങനെ കഴിയും? **4**

37. തലശ്ശേരി രൂപതയുടെ പിറവിക്ക് കർദ്ദിനാൾ ടിസറാങ്ങ് നൽകിയ സംഭാവനകൾ വിവരിക്കുക? **4**

38. അനുരഞ്ജന കൂദാശയ്ക്കുവേണ്ട കാര്യങ്ങൾ എത്ര? ഏവ?**5**

39. ആരാണ് വിശ്വാസ സംരക്ഷകർ? സത്യവിശ്വാസം സംരക്ഷിക്കാനും അത് തലമുറകൾക്ക് പകർന്നുകൊടുക്കാനും നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഓണപരീക്ഷ - 2025

**ക്ലാസ്സ് : XI** | **സമയം : 2 മണിക്കൂർ**
**തീയതി : 07-09-2025** | **മാർക്ക് : 70**

---

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 5

1. ക്രിസ്തീയജീവിതത്തിൽ വിശ്വാസം ആഘോഷിക്കുന്നതാണ്.
(ദൈവാരാധന, വി. കുർബാന, കൂദാശകൾ)

2. ചരിത്രപുരുഷനായ ഈശോ നസ്രത്തുകാരൻ എന്ന അർത്ഥത്തിൽ എപ്രകാരമാണ് അറിയപ്പെട്ടിരുന്നത്?
(നസ്രായൻ, ലോകരക്ഷകൻ, നസ്രായൻ ഈശോ)

3. ക്രിസ്തീയ ജീവിതത്തിന്റെ ആരംഭവും അടിസ്ഥാനവുമാണ്.
(വി. കുർബാന, മാമ്മോദീസ, യാമപ്രാർത്ഥനകൾ)

4. പെസഹാ രഹസ്യത്തിൽ പെടാത്തത്.
(രക്ഷകന്റെ വരവിനുള്ള ഒരുക്കം, ഉത്ഥാന രഹസ്യം, മിശിഹായുടെ പീഡാനുഭവ രഹസ്യം)

5. "കുർബാന സ്വീകരിക്കുന്നതിന് പോകാതിരിക്കുന്നത്, ഉറവയുടെ അടുത്ത് ദാഹിച്ചു മരിക്കുന്നത് പോലെയാണ്." ആരുടേതാണ് ഈ വാക്കുകൾ?
(വി. ജോൺ മരിയ വിയാനി, വി. ഇഗ്നേഷ്യസ്, വി. ആഗസ്തിനോസ്)

### II. പൂരിപ്പിക്കുക 5

6. തന്നെത്തന്നെ വെളിപ്പെടുത്തുകയും നമ്മെ സ്നേഹിക്കുകയും നമുക്ക് സ്വയം നൽകുകയും ചെയ്യുന്ന ദൈവത്തിന് നമ്മൾ നൽകുന്ന പ്രത്യുത്തരമാണ് ...............

7. കത്തോലിക്കാസഭയിൽ മിശിഹായിലുള്ള വളർച്ചക്കും കൂട്ടായ്മയ്ക്കും അനുയോജ്യമായ ഒരു അദ്ധ്യാത്മിക ജീവിതശൈലി രൂപീകരിക്കാൻ ഓരോ വിശ്വാസിയേയും സഹായിക്കുന്നവയാണ് ..................

8. ഈശോയുടെ ജീവിതത്തെക്കുറിച്ച് വ്യക്തമായ തെളിവുകൾ നൽകുന്ന ഫ്ളാവിയൂസ് ജോസേഫൂസിന്റെ ഗ്രന്ഥം .................

9. സഭാംഗങ്ങളുടെ അദ്ധ്യാത്മിക പരിപോഷണം ലക്ഷ്യംവച്ച് വിശ്വാസത്തോടെ നടത്തുന്ന വിവിധങ്ങളായ കർമ്മങ്ങളും അനുഷ്ഠാനരീതികളുമാണ് .....................

10. മനുഷ്യരക്ഷയ്ക്കായുള്ള ദൈവികപദ്ധതിയുടെ പൂർത്തീകരണമായ മിശിഹാരഹസ്യത്തിന്റെ ആഘോഷമാണ് ....................

## III. പേരെഴുതുക 5

11. യഹൂദരുടെ നിയമസംഹിത?
12. "ലിറ്റർജി"എന്ന വാക്കിന്റെ ഉത്ഭവാർത്ഥം?
13. "കന്തീശങ്ങൾ" എന്ന സുറിയാനി വാക്കിന്റെ അർത്ഥം?
14. സഭ വിശ്വസിക്കുന്ന പ്രബോധനങ്ങളുടെ സംഹിത?
15. "കേദ്രോ" എന്ന ലത്തീൻ പദത്തിന്റെ അർത്ഥമെന്ത്?

## IV. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. "പരിശുദ്ധാത്മാവിന്റെ വീണ" എന്ന അപരനാമത്തിൽ അറിയപ്പെടുന്ന പൗരസ്ത്യസുറിയാനി സഭാപിതാവ്?
17. അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ച മാർപാപ്പ?
18. സീറോമലബാർ സഭയിൽ എത്ര രൂപതകളുണ്ട്?
19. വർത്തമാന പുസ്തകത്തിന്റെ രചയിതാവ്?
20. മാർത്തോമ്മ ശ്ലീഹായുടെ പൂജ്യാവശിഷ്ടം ഇപ്പോൾ എവിടെയാണ്?

## V. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 10

21. പന്തേനൂസ് ആരായിരുന്നു? അദ്ദേഹത്തിന്റെ ഭാരതസന്ദർശനം ഓർമ്മിപ്പിക്കുന്ന കാര്യങ്ങൾ ഏവ?
22. പെസഹാരഹസ്യം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
23. എന്താണ് ക്രിസ്തീയ ജീവിതം?
24. "മിഷൻ" എന്ന പദംകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
25. എന്താണ് കാറ്റകോമ്പുകൾ?

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. ക്രിസ്തുവിന്റെ ഉയിർപ്പിനെപ്പറ്റി വി. പൗലോസ് ശ്ലീഹാ ഉദ്ബോദിപ്പിക്കുന്ന തിരുവചനം കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ നിന്ന് (1 കോറി 15:14).

27. ക്രിസ്തീയ വിശ്വാസത്തിന്റെ ഉള്ളടക്കം ഈശോ പഠിപ്പിച്ച കാര്യങ്ങൾ ആയിരിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്ന തിരുവചനഭാഗം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (വി. മത്തായി 28:20).

## VII. ഉത്തരമെഴുതുക

28. കൂദാശകളും കൂദാശാനുകരണങ്ങളും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? **3**
29. എന്താണ് അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ? ഈ ഗ്രന്ഥത്തിന്റെ സവിശേഷതകൾ ഉദാഹരണം സഹിതം വ്യക്തമാക്കുക. **3**
30. വി. ഗ്രന്ഥവീക്ഷണത്തിൽ വിശ്വാസത്തിന്റെ പ്രത്യേകതകൾ എഴുതുക? **3**
31. ദുക്റാനതിരുന്നാൾ കുറിപ്പ് തയ്യാറാക്കുക? **3**
32. ഈശോയെക്കുറിച്ചുള്ള ചരിത്രപരമായ തെളിവുകളെ എത്രയായി തരം തിരിച്ചിരിക്കുന്നു. അവ ഏവ? ചരിത്രപുരുഷനായ ഈശോയുടെ ജീവിതത്തെപ്പറ്റി പഠിച്ച നിങ്ങൾക്ക് ആത്മീയ ജീവിതത്തിൽ അവ എത്രത്തോളം നിങ്ങളെ സഹായിക്കുന്നു? **4**
33. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സാമൂഹികജീവിത രീതികളെപ്പറ്റി വിവരിക്കുക. **4**
34. ഓരോ ക്രിസ്ത്യാനിയും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവനാണ്. വിശുദ്ധി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്? ഒരു ക്രിസ്തീയ ജീവിതശൈലി സ്വന്തമാക്കിക്കൊണ്ട് നിങ്ങൾക്ക് എങ്ങനെ വിശുദ്ധിയിൽ ജീവിക്കാൻ കഴിയും? **5**
35. തിരുസഭയുടെ കല്പനകൾ എഴുതുക. **5**
36. വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്ന പന്ത്രണ്ട് വിശ്വാസ രഹസ്യങ്ങൾ ഏതെല്ലാം? ജനനം മുതൽ മരണം വരെ നീളുന്ന ഈ ലോകജീവിതത്തിൽ വിശ്വാസം നമുക്ക് ശക്തിപകരും. വിശ്വാസം ജീവിക്കാനും സംരക്ഷിക്കുവാനും വളർത്താനും ഒരു ക്രിസ്തുശിഷ്യനെന്ന നിലയിൽ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഓണപരീക്ഷ - 2025

**ക്ലാസ്സ് : XII** | **സമയം : 2 മണിക്കൂർ**
**തീയതി : 07-9-2025** | **മാർക്ക് : 70**

---

**I. ശരിയായ ഉത്തരം എടുത്തെഴുതുക** **5**

1. പരി. അമ്മ അമലോത്ഭവയാണ് എന്ന വിശ്വാസസത്യം പ്രഖ്യാപിച്ച മാർപാപ്പ?
(പോൾ ആറാമൻ, ഒൻപതാം പീയൂസ്, ലിയോ പതിമൂന്നാമൻ)

2. ഉദയംപേരൂർ സൂനഹദോസ് നടന്ന വർഷം.
(1599, 1653, 1742)

3. പരി. അമ്മയുടെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചത് ഏത് തിരുവെഴുത്ത് വഴി?
(അവാച്യനായ ദൈവം, ജനതകളുടെ പ്രകാശം, അത്യുദാരനായ ദൈവം)

4. ഈശോയുടെ ജീവിതത്തെപ്പറ്റി നാം പഠിക്കുവാൻ തുടങ്ങുന്ന വിദ്യാലയം ഏത്?
(നസ്രത്തിലെ ഭവനം, പരി. കന്യകാമറിയം, തിരുസഭ)

5. വ്യക്തിയുടെ ശാരീരികവും, ആത്മീയവുമായ ആന്തരീക ഐക്യം?
(അടക്കം, ശുദ്ധത, ലൈംഗികത)

**II. പൂരിപ്പിക്കുക** **5**

6. വിശുദ്ധി പാലിച്ചുകൊണ്ടും, ലക്ഷ്യാധിഷ്ഠിതമായ നന്മയെ സംരക്ഷിച്ചുകൊണ്ടും ലൈംഗികതയെ സമീപിക്കുന്ന മനോഭാവമാണ് .............................

7. സ്വർഗ്ഗസ്ഥനായ പിതാവിന്റെ കാരുണ്യത്തിന്റെ മുഖമാണ് ...............

8. ക്രിസ്തീയവ്യക്തിത്വത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ പ്രകാശനമാണ് .....................................

9. ............................. ആണ് നന്മയുടെ പൂർണ്ണത.

10. .............................. പിശാചിന്റെ പണിപ്പുരയാണ്.

## III. ഒറ്റവാക്കിൽ ഉത്തരമെഴുതുക **5**

11. ഈശോ ഇന്നും ലോകത്ത് ജീവിക്കുന്നത് ആരിലൂടെ?
12. ക്രിസ്തുശിഷ്യത്വത്തിന്റെ പൂർണ്ണത ആര്?
13. ക്രൈസ്തവരുടെ മുഖമുദ്ര എന്ത്?
14. “രക്ഷ” എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
15. ദൈവികപുണ്യങ്ങളുടെ കൂടാരം ഏത്?

## IV. പേരെഴുതുക **5**

16. പൗരസ്ത്യ സുറിയാനി പഞ്ചാംഗം അനുസരിച്ച് ആരാധനാവത്സരത്തെ എത്രകാലങ്ങളായി തിരിച്ചിരിക്കുന്നു?
17. കെ.സി.ബി.സിയുടെ ഇപ്പോഴത്തെ പ്രസിഡണ്ട്?
18. കുമ്പസാരരഹസ്യം സൂക്ഷിക്കാൻ വേണ്ടി ജീവൻ ത്യജിച്ച വിശുദ്ധൻ?
19. കൂദാശകൾ ഏഴായി നിജപ്പെടുത്തിയ ദൈവശാസ്ത്രജ്ഞൻ?
20. ലെയോ പതിനാലാമൻ മാർപാപ്പയുടെ ആപ്തവാക്യം എന്ത്?

## V. ബൈബിളിൽ നിന്നും ഉദ്ധരിക്കുക **5**

21. പരി. അമ്മ ഭാഗ്യവതിയായത് എങ്ങനെയെന്ന് സൂചിപ്പിക്കുന്ന തിരുവചനഭാഗം വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് (ലൂക്കാ 1:45).
22. ആത്മാവിന്റെയും ശരീരത്തിന്റെയും വിശുദ്ധിയ്ക്ക് കുറ്റമറ്റ കണ്ണിന്റെ കാഴ്ച അനിവാര്യമാണെന്ന് വിശദമാക്കുന്ന തിരുവചനഭാഗം വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് (ലൂക്കാ 11:34-35).

## VI. ഉത്തരം എഴുതുക

23. ഈശോയുടെ രഹസ്യജീവിതം നമുക്ക് നൽകുന്ന സന്ദേശം എന്ത്? **2**

24. ലൈംഗികത എന്നാൽ എന്ത്? **2**

25. വ്യക്തിസഭകളെ പരസ്പരം വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ ഏവ? **2**

26. പ്രണയം എന്നാൽ എന്ത്? **2**

27. നിങ്ങളുടെ മാതൃസഭയായ സീറോമലബാർ സഭയിലൂടെ നിങ്ങൾക്ക് ലഭിച്ച ആത്മീയ നന്മകൾ ഏതെല്ലാം? വിശദീകരിക്കുക. **3**

28. ലൈംഗികതയുടെ സവിശേഷതകൾ ഏവ? വിശദമാക്കുക. **3**

29. നല്ല പ്രണയത്തെ തിരിച്ചറിയുന്നതെങ്ങനെ? **4**

30. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ നമ്മൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? **4**

31. സീറോമലബാർ സഭയുടെ സവിശേഷതകളിൽ ഏതെങ്കിലും നാലെണ്ണം വിശദീകരിക്കുക. **4**

32. പ്രേമനൈരാശ്യത്തിൽ വീണുപോയ ഒരു സുഹൃത്തിനെ കരകയറ്റാൻ സഹായകമായ നാല് കാര്യങ്ങൾ എഴുതുക? സുഹൃത്തെന്ന നിലയിൽ നിങ്ങൾ എന്ത് നിലപാട് സ്വീകരിക്കും? **4**

33. അനുരഞ്ജനകൂദാശയ്ക്കുമുമ്പുള്ള ജപം എഴുതുക? **5**

34. ഈശോയുടെ അനന്യത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്? ഈശോയുടെ വാക്കുകളും ജീവിതവും നിങ്ങളെ സ്വാധീനിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക. **5**

35. പരി. അമ്മയെക്കുറിച്ചുള്ള പ്രധാനപ്പെട്ട സഭാപ്രബോധനങ്ങൾ ഏവ? ഇന്ന് പല സെക്ടുകളിലായി പരി. മറിയത്തെ തെറ്റായി വ്യാഖ്യാനിക്കുന്നു. ഇവരെ നിങ്ങൾ എങ്ങനെ പ്രതിരോധിക്കും? **5**